പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2626** — 14.02.2013-ൽ മറുപടിക്ക്

## ആശാവർക്കർമാരുടെ ഓണറേറിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഓണറേറിയത്തിൽ, എത്ര മാസത്തെ കുടിശ്ശിക ഉണ്ടെന്ന് അറിയിക്കാമോ ; | (എ) 2011-12 സാമ്പത്തിക വർഷത്തെ ആശ ഹോണറേറിയം നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തെ പുതുക്കിയ നിരക്കിലുള്ള ആശ ഹോണറേറിയം നൽകിയിട്ടില്ല. ഇതിനുള്ള നടപടി നടന്നു വരുന്നു. |
| (ബി) പുതിയതായി നിയമിച്ച ആശാവർക്കർമാർക്ക് ഓണറേറിയം, യൂണിഫോം എന്നിവ നൽകിത്തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ, എന്നു മുതൽ നൽകുമെന്ന് അറിയിക്കാമോ ; | (ബി) പുതുതായി ആശ വർക്കർമാരെ നിയമിച്ചിട്ടില്ല. |
| (സി) അംഗനവാടിയിലെ ന്യൂട്രിഷൻ ക്ലാസ്സുകൾക്ക്, എത്ര രൂപയായിരുന്നു അലവൻസ് നൽകിയിരുന്നത് ; ഇപ്പോൾ, എത്രയാണ് നൽകുന്നത് ; | (സി) അംഗനവാടിയിലെ ന്യൂട്രിഷൻ ക്ലാസുകൾക്ക് 150 രൂപയായിരുന്നു അലവൻസ് നൽകിയിരുന്നത്. ഇപ്പോൾ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പ്രത്യേക നിർദ്ദേശപ്രകാരം 100 രൂപയാക്കി നിജപ്പെടുത്തുകയുണ്ടായി. |
| (ഡി) ഫീൽഡ് വർക്ക്, ഈഡിസ് സർവ്വേ എന്നിവയ്ക്ക് എന്തെങ്കിലും ആനുകൂല്യത്തിന് വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ, എന്തെല്ലാമാണ് ; ഇത് ഇപ്പോൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ, നൽകുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റി ഈഡിസ് സർവ്വേ നടത്തുന്നതനുസരിച്ച് വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റിയുടെ ഫണ്ടിൽ നിന്നാണ് ആനുകൂല്യം നൽകുന്നത്. |

സെക്ഷൻ ഓഫീസർ